പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1334 — 04.02.2019-ൽ മറുപടിക്ക്

മണൽ വിപണനത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മണലിന്റെ ലഭ്യതക്കുറവ് മൂലം നിർമ്മാണമേഖലയും മണൽ വാരി ഉപജീവനം നടത്തി യിരുന്ന തൊഴിലാളികളും നിലവിൽ കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തുണ്ടായ പ്രളയത്തിനു ശേഷം പുഴകൾ കര കവിഞ്ഞ് ഒഴുകി യതിന്റെ ഫലമായി പൊതുഇടങ്ങളിലും സ്വകാര്യ ഇടങ്ങളിലും വലിയ തോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെ വിപണനം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ; | (ബി) പ്രളയത്തെ തുടർന്ന് നദിയോടടുത്ത പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും വേർതിരിച്ച് സൂക്ഷിക്കുന്നതിനും അവ പ്രളയ ബാധിതർക്ക് വീട് നിർമ്മാണം, റോഡു നിർമ്മാണം തുടങ്ങിയ ആവശ്യ ങ്ങൾക്ക് സർക്കാർ നിരക്കിലുള്ള തുക ഈടാക്കി വിൽപ്പന നടത്തുന്നതിനും തുക അതാത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാനും സ.ഉ(സാധാ) നം.3987/2018/റവന്യൂ തീയതി 27.09.2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തര വായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ജില്ലകളിൽ സ്വീകരിച്ചു വരുന്നു. |
| (സി) പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധം, വ്യക്തമായ നിബന്ധനകൾക്ക് വിധേയ മായി, മണൽ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ; വിശദ മാക്കാമോ? | (സി) പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ മണൽ ഖനനം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി), ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡ പ്രകാരമാണ് ജില്ലകളിൽ നദീതീര സംരക്ഷണ പ്രവർത്തനങ്ങളും മണൽ ഖനനവും നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ